(ബി) ഈ വർഷത്തെ കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് 14,05,39,555 രൂപയുടെ കൃഷി നാശമാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതുമൂലം പ്രകൃതിക്ഷോഭത്തിന് ഇരയായവർക്ക് സമയത്തിന് ആശ്വാസ ധനത്തിന്റെ ഗുണഫലം ലഭിക്കാതെ വരുന്നു എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി നൽകേണ്ട ധനസഹായ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി നൽകുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും കൃഷി വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആശ്വാസധനം അടിയന്തിരമായി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം

21 (*411) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ലൈബ്രറി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ ; ഓൺലൈൻ ബുക്ക് റിസർവ്വേഷൻ സമ്പ്രദായം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) കുട്ടികളുടെ വിഭാഗം ആകർഷകമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) എത്ര പുസ്തകങ്ങൾ ഇതിനകം ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ബ്രിട്ടീഷ് കൗൺസിൽ സർക്കാരിന് കൈമാറിയ പുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സെൽഫ് ചെക്ക് ഇൻ ചെക്കൗട്ട് സൗകര്യത്തോടു കൂടിയ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സംവിധാനം രണ്ട് ഘട്ടങ്ങളിലായി ലൈബ്രറിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിയിട്ടുണ്ട്. ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ വിതരണം ചെയ്യുന്ന സമയം മുമ്പ് രാവിലെ 8.30 മണി മുതൽ 11.30 വരെയും ഉച്ചയ്ക്ക് ശേഷം 4 മണി മുതൽ 7 മണി വരെയും ആയിരുന്നത് 2009 ജനുവരി 1 മുതൽ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ സ്വന്തമായ വെബ്സൈറ്റും ഓൺലൈൻ ബുക്ക് റിസർവ്വേഷൻ/റിന്യൂവൽ സംവിധാനവും ഡിജിറ്റൽ ആർക്കൈവും ലൈബ്രറിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സ്ഥല പരിമിതിമൂലം ബുദ്ധിമുട്ടുന്ന സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് ഒരു പുതിയ ഹെറിറ്റേജ് മോഡൽ റഫറൻസ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്.

(ബി) ലൈബ്രറി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഓൺലൈൻ ബുക്ക് റിസർവ്വേഷൻ/റിന്യൂവൽ സംവിധാനം ലൈബ്രറിയിൽ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.

(സി) റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സംവിധാനത്തിന്റെ ആദ്യഘട്ടം കുട്ടികളുടെ വിഭാഗത്തിലാണ് നടപ്പിലാക്കിയത്. വിനോദത്തിനും വിജ്ഞാനത്തിനുംവേണ്ടി മൾട്ടിമീഡിയ കമ്പ്യൂട്ടറുകൾ, എൽ. സി. ഡി. പ്രൊജക്ടർ, മോഡേൺ സ്ക്രീൻ തുടങ്ങിയവയും വിപുലമായ ഒരു പുസ്തക ശേഖരവും കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും സമ്മർ സ്കൂളും നടത്തുന്നുണ്ട്. എൽ. ഐ. സി. സ്പോൺസർ ചെയ്ത മനോഹരമായ ഒരു പാർക്കും കുട്ടികളുടെ വിഭാഗത്തോടു ചേർന്ന് ഒരുക്കിയിട്ടുണ്ട്.

(ഡി) ഒന്നാംഘട്ട ഡിജിറ്റൈസേഷന്റെ ഭാഗമായി 707 (328, 268 പേജുകൾ) അമൂല്യവും പുരാതനവുമായ പുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഡിജിറ്റൽ ലൈബ്രറിയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ട ഡിജിറ്റൈസേഷന്റെ ഭാഗമായി 318 പുസ്തകങ്ങൾ ഇതുവരെ ഡിജിറ്റൈസ് ചെയ്യുകയും ആയതിന്റെ വെബ് എനേബ്ലിംഗ് ജോലികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് കൈമാറിയ ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറിയുടെ പുസ്തകങ്ങൾ ഒരു പ്രത്യേക വിഭാഗമായി സജ്ജീകരിച്ച് 2010 മെയ് 3-ാം തീയതി മുതൽ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്.

സ്കൂളുകളിലെ പരീക്ഷാ സമ്പ്രദായത്തിലെ മാറ്റങ്ങൾ

22 (*412) ശ്രീ. ജോർജ്. എം. തോമസ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിലെ പരീക്ഷാ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly